96

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 JANUARY 2026

Happy New Year 2026

# ഉയരങ്ങളിൽ കേരളം

ഈസ് ഓഫ് ഡൂയിങ് ബിസിനസ് (Business Reforms Action Plan+ Reduction of Compliance Burden) ൽ തുടർച്ചയായ രണ്ടാം വർഷവും കേരളം ഏറ്റവും ഉയർന്ന ശ്രേണിയിൽ ഇടം പിടിച്ചു. അതിവേഗത്തിൽ വളരുന്ന വ്യവസായരംഗം(ഫാസ്റ്റ് മൂവർ) ആയാണ് കേരളം തെരഞ്ഞെടുക്കപ്പെട്ടത്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഏറ്റവും അനുയോജ്യമായ (ഈസ് ഓഫ് ഡൂയിങ് ബിസിനസ്) സംസ്ഥാനങ്ങളെ സംബന്ധിച്ച് കേന്ദ്ര വാണിജ്യ - വ്യവസായ മന്ത്രാലയം തയ്യാറാക്കിയ പട്ടികയിലാണ് ഇത്തവണയും കേരളം ഒന്നാമതെത്തിയത്.

അംഗീകാരത്തിന്റെ ഭാഗമായുള്ള പുരസ്കാരം ന്യൂഡെൽഹിയിൽ വച്ച് നടന്ന ചടങ്ങിൽ വച്ച് ബഹു. കേന്ദ്ര വ്യവസായ വാണിജ്യ വകുപ്പ് മന്ത്രി ശ്രീ. പീയൂഷ് ഗോയലിൽ നിന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഏറ്റുവാങ്ങി. കഴിഞ്ഞ വർഷം യൂണിയൻ ഗവൺമെന്റ് ആവശ്യപ്പെട്ട പരിഷ്കാരങ്ങളിൽ 91% ആണ് കേരളം പൂർത്തീകരിച്ചതെങ്കിൽ ഇത്തവണ 99.3% പരിഷ്കാരങ്ങളും പൂർത്തിയാക്കാൻ കേരളത്തിന് സാധിച്ചു. കേന്ദ്രം നിർദേശിച്ച 434 റിഫോംസുകളിൽ 430 എണ്ണവും നടപ്പാക്കിയ കേരളം ആകെ 99.3 റിഫോംസും നടപ്പാക്കി. ഇത്തവണ ഫാസ്റ്റ് മൂവേഴ്സ്, ആസ്പിരന്റ്സ്, ആസ്പേഴ്സ് എന്നീ മൂന്നുവിഭാഗങ്ങളാണ് പുരസ്കാരത്തിന് പരിഗണിച്ചത്. ഉന്നത ശ്രേണിയായ ഫാസ്റ്റ് മൂവേഴ്സിൽ ഉൾപ്പെട്ട കേരളം പദവി നിലനിർത്തിയതിനെ ബഹു. കേന്ദ്ര മന്ത്രി യോഗത്തിൽ പ്രത്യേകം അഭിനന്ദിച്ചു.

## ഈസ് ഓഫ് ഡൂയിങ് ബിസിനസിൽ

### ഏറ്റവും ഉയർന്ന ശ്രേണിയിൽ വീണ്ടും കേരളം






വ്യവസായ പരിഷ്ക്കാര കർമപദ്ധതി പ്രകാരം ഓരോ സംസ്ഥാനവും സ്വീകരിക്കുന്ന നടപടികൾ പരിഗണിച്ചാണ് ഈസ് ഓഫ് ഡൂയിങ് ബിസിനസ് പട്ടിക തയ്യാറാക്കുന്നത്. രാജ്യത്തിന്റെ വ്യവസായചിത്രത്തിൽ ഒരിടത്തും മുമ്പ് കേരളം ഉണ്ടായിരുന്നില്ലാത്ത ഇടത്തുനിന്നാണ് രാജ്യത്തെ പ്രധാന വ്യവസായ ഭൂമികയായി സംസ്ഥാനം മാറിയിരിക്കുന്നത്. കേന്ദ്ര വാണിജ്യ - വ്യവസായ മന്ത്രാലയം തയ്യാറാക്കുന്ന ഈസ് ഓഫ് ഡൂയിങ് ബിസിനസ് പട്ടികയിൽ 2020 ൽ കേരളം 28 -ാം സ്ഥാനത്തായിരുന്നു. 2021 ൽ 13 പടികൾ കയറി കേരളം 15 -ാമത് എത്തി. 2022 - 23 വർഷത്തെ പട്ടികയിൽ ഒറ്റയടിക്ക് 14 പടികൾ കയറിയാണ് കേരളം അഭിമാനകരമായ നേട്ടം സ്വന്തമാക്കിയത്.

# ദൃശ്യ വിരുന്നൊരുക്കി കേരള ബാംബൂ ഫെസ്റ്റ്

വ്യവസായ - വാണിജ്യ വകുപ്പിനുവേണ്ടി ബാംബൂ മിഷൻ സംഘടിപ്പിക്കുന്ന ബാംബൂ ഫെസ്റ്റിന് കലൂർ ജെഎൻഎൽ സ്റ്റേഡി യം മൈതാനത്ത് തുടക്കമായി. മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. മുള, ഈറ്റ തൊഴിലാളികളുടെ സംഗമം ഫെസ്റ്റിന്റെ ഭാഗമായി ജനുവ രി ഒന്നിന് സംഘടിപ്പിക്കുമെന്നു മന്ത്രി പറഞ്ഞു. ഇവർക്ക് ഡിസൈൻ പരിശീലനം ലഭ്യമാക്കാൻ ലക്ഷ്യമിടുന്നുവെന്നും അദ്ദേഹം പറഞ്ഞു. ടി.ജെ. വിനോദ് എംഎൽഎ അധ്യക്ഷനായി.



വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ആമുഖ പ്രഭാഷണം നടത്തി. വ്യവസായ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ. തിരുച്ചി ശിവ എം.പി. മുഖ്യാതിഥിയായി. ജില്ലാ കലക്ടർ ജി. പ്രിയങ്ക, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (വ്യവസായം) ശ്രീമതി ആനി ജൂല തോമസ്, നാഷണൽ ബാംബു മിഷൻ ഡയറക്ടർ ഡോ. പ്രഭാത് കുമാർ, വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. പി. വിഷ്ണുരാജ്, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോമേഷൻ എക്സിക്യുട്ടീവ് ചെയർമാൻ ശ്രീ. അജിത്ത് കുമാർ, കേരള കരകൗശല വി കസന കോർപ്പറേഷൻ ചെയർമാൻശ്രീ. പി. രാമഭദ്രൻ, വ്യവസായ വാ ണിജ്യ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ ശ്രീ. ജി. രാജീവ്, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. പി.എ. നജീബ്, ബാംബൂ മിഷൻ ചീഫ് എക്സിക്യുട്ടീവ് ഓഫീസർ/ കെബിപ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എസ്. സൂരജ് എന്നിവർ സംസാരിച്ചു.

സംസ്ഥാന സ്കൂൾ പ്രവൃത്തിപരിചയ മേളയിൽ മുള ഉത്പന്ന നിർ മാണ മത്സര വിഭാഗത്തിൽ ഒന്നാംസമ്മാനം കരസ്ഥമാക്കിയ കുട്ടികളെ വേദിയിൽ ആദരിച്ചു. ഫെസ്റ്റ് ജനുവരി ഒന്നു വരെ നടക്കും. കേരളത്തിൽ നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നുമായി മുന്നൂറോളം കരകൗശലത്തൊഴിലാളികളും മുള അനുബന്ധ തൊഴിലാളികളും മേ ളയിൽ പങ്കെടുക്കുന്നു. ഇരുന്നൂറ് സ്റ്റാളുകൾ ഉണ്ട്. ഭൂട്ടാൻ പങ്കെടുക്കുന്നുവെന്നത് പ്രത്യേകതയാണ്. സംസ്ഥാന ബാംബൂ മിഷൻ പരിശീലകർ രൂപകല്പന ചെയ്ത കരകൗശല ഉത്പന്നങ്ങൾ പ്രദർശിപ്പി ക്കുന്നതിന് പ്രത്യേക ബാംബൂ ഗാലറി സജ്ജമാണ്. പ്രവേശനം സൗജന്യം.









സർക്കാർ സേവനങ്ങൾ കൂടുതൽ സുതാര്യം

# കേരള റൈറ്റ് ടു പബ്ലിക് സർവീസ് ബിൽ പാസാക്കി




കേരളത്തിലെ പൗരകേന്ദ്രിത ഭരണത്തെ ശക്തിപ്പെടുത്തുന്ന പ്രധാന നീക്കമായി, കേരള നിയമസഭ 2025-ലെ കേരള റൈറ്റ് ടു പബ്ലിക് സർവീസ് ബിൽ പാസാക്കി. സമയബന്ധിതവും, സുതാര്യവും, ഉത്തരവാദിത്തമുള്ള പൊതുസേവന വിതരണം ഉറപ്പാക്കുന്നതിലേക്ക് സംസ്ഥാനത്തിന്റെ നിർണായകമായ മാറ്റത്തെ ഇത് സൂചിപ്പിക്കുന്നു. മുൻ നിയമങ്ങളിലെ പോരായ്മകൾ പരിഹരിക്കുകയും, സർക്കാർ സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കുന്നതിനായി കർശനമായ നടപടികൾ കൊണ്ടുവരികയും ചെയ്യുന്നതാണ് ഈ നിയമത്തിന്റെ ലക്ഷ്യം.

കേരളത്തിന്റെ വിജയകരമായ ഈ നീക്കം ഇന്ത്യയിലുടനീളം മികച്ച മാതൃക ആയിരിക്കും. ദേശീയ തലത്തിൽ ഏകീകൃത പൊതുസേവന നിയമം രൂപപ്പെടാനും, തുടർച്ചയായ നിരീക്ഷണ സംവിധാനങ്ങൾ കൊണ്ടുവരാനും ഇത് പ്രചോദനമാകും.

കേരള റൈറ്റ് ടു പബ്ലിക് സർവീസ് ബിൽ, 2025 സംസ്ഥാനത്തിന്റെ ഭരണപരിഷ്കാര പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നു. കാര്യക്ഷമവും ഉത്തരവാദിത്തമുള്ളതുമായ പൗരകേന്ദ്രിത ഭരണത്തിനായി ഇന്ത്യയിൽ ഒരു ദേശീയ പ്രസ്ഥാനത്തിന് ഇത് വഴിതെളിയിച്ചേക്കാം.

## പ്രധാന സവിശേഷതകൾ

**സേവന സമയപരിധി നിർബന്ധിതം:** എല്ലാ പൊതുസേവനങ്ങളും നിശ്ചിത സമയപരിധിക്കുള്ളിൽ നൽകണം. വൈകിയാൽ അത് ഉത്തരവാദിത്ത ലംഘനമായി കണക്കാക്കും.

**ഉത്തരവാദിത്ത ഉദ്യോഗസ്ഥർ:** ഓരോ വകുപ്പും സേവന വിതരണം ഉറപ്പാക്കാൻ ഉത്തരവാദികളായ ഉദ്യോഗസ്ഥരെ നിയമിക്കണം.

**ഓൺലൈൻ അപേക്ഷകൾക്ക് സ്വയമേവ അംഗീകാരം:** അപേക്ഷകൾക്ക് ഓട്ടോമാറ്റിക് അംഗീകാരം ലഭിക്കും, ഇതിലൂടെ സുതാര്യതയും ട്രേസബിലിറ്റിയും ഉറപ്പാക്കുന്നു.

**പരാതി പരിഹാര സംവിധാനം:** സേവനത്തിൽ വൈകിയാൽ പൗരന്മാർക്ക് പരാതി നൽകാനും സമയബന്ധിത പരിഹാരം തേടാനും ശക്തമായ സംവിധാനം.

**പിഴ വ്യവസ്ഥകൾ:** നിയമലംഘനം നടത്തിയ വകുപ്പുകൾക്ക് ശിക്ഷാനടപടികൾ, സംസ്ഥാനത്തിന്റെ കാര്യക്ഷമ സേവന പ്രതിബദ്ധതയെ ശക്തിപ്പെടുത്തുന്നു.

# ചരിത്രം സൃഷ്ടിച്ച് സംരംഭക വർഷം പദ്ധതി



നൂതന പരിഷ്കാരങ്ങളിലൂടെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രക്രിയകൾ ഏകോപിപ്പിച്ചും വ്യവസായികൾക്കും പൗരന്മാർക്കും കാര്യക്ഷമമായ സേവനങ്ങൾ ഒരുക്കിയും സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭക വർഷ പദ്ധതി പുതു നേട്ടങ്ങൾ നെയ്യുകയാണ്. അപ്രാപ്യമെന്ന് എഴുതി തള്ളിയ ലക്ഷ്യത്തെ തികഞ്ഞ ആസൂത്രണത്തോടെയും കർത്തവ്യ ബോധത്തോടെയും എത്തിപ്പിടിച്ച വ്യവസായ വകുപ്പിന്റെ 'ഒരു വർഷം, ഒരു ലക്ഷം സംരംഭങ്ങൾ' എന്ന സ്വപ്ന പദ്ധതി മൂന്ന് വർഷത്തിനുള്ളിൽ മൂന്നര ലക്ഷത്തിലധികം സംരംഭങ്ങൾക്കാണ് ജന്മം നൽകിയിരിക്കുന്നത്.

**മൂന്ന് വർഷം, മൂന്നര ലക്ഷത്തിലധികം സംരംഭങ്ങൾ; 7.5ലക്ഷം തൊഴിലവസരങ്ങൾ**

2022-23 സാമ്പത്തിക വർഷം ആരംഭിച്ച സംരംഭക വർഷം പദ്ധതിയുടെ സ്വപ്നതുല്യ വിജയം 2023-24, 202425 സാമ്പത്തിക വർഷങ്ങളിലും തുടരുകയായിരുന്നു. സംരംഭകവർഷം പദ്ധതിയുടെ കണക്കുകൾ മാത്രം പരിശോധിച്ചാൽ 2022 മുതൽ 2025 വരെയുള്ള 3 വർഷക്കാലയളവിൽ മൂന്നര ലക്ഷത്തിലധികം സംരംഭങ്ങൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്. ഒരു വർഷം കൊണ്ട് കേവലം പതിനായിരം MSME സംരംഭങ്ങൾ മാത്രം ആരംഭിച്ചിരുന്ന കേരളത്തിൽ തുടർച്ചയായ 3 വർഷങ്ങളിൽ ശരാശരി ഒരു ലക്ഷത്തിലധികം സംരംഭങ്ങൾ ആരംഭിച്ചിരിക്കുന്നു. അതായത് മുൻവർഷത്തെ കണക്കുകൾ പ്രകാരം ഒരു വർഷം കേരളത്തിൽ ആരംഭിച്ചിരുന്ന MSME സംരംഭങ്ങൾ സംരംഭക വർഷം പദ്ധതിയുടെ നടപ്പാക്കലിലൂടെ ഓരോ മാസവും കേരളത്തിൽ ആരംഭിച്ചു. പ്രതിദിനം മുന്നൂറിലധികം MSMEകൾ. ഓരോ മണിക്കൂറിലും ശരാശരി 14 MSMEകൾക്ക് അനുമതി.

കേരളത്തിന്റെ വ്യവസായരംഗത്ത് സംരംഭക വർഷം പദ്ധതിയുടെ വിജയം നിസ്തുലമാണ്. കേന്ദ്ര വാണിജ്യ- വ്യവസായ മന്ത്രാലയത്തിന്റെ വ്യവസായസൗഹൃദാന്തരീക്ഷ ദേശീയ റാങ്കിങ് പട്ടികയിലെ ഒന്നാംസ്ഥാനം, തുടർച്ചയായ രണ്ടു വർഷങ്ങളിൽ ഇന്ത്യയിലെ ബെസ്റ്റ് പ്രാക്റ്റീസ് ഇൻ എം എസ് എം ഇ അംഗീകാരം, അമേരിക്കൻ സൊസൈറ്റി ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷന്റെ novel innovation in public administration അംഗീകാരം. ഒപ്പം മൂന്നു വർഷത്തിനുള്ളിൽ 22,688 കോടി രൂപയുടെ നിക്ഷേപവും, 7.5ലക്ഷം തൊഴിലവസരങ്ങളും. ഈ മുന്നേറ്റമാണ് കേരള മോഡൽ..

# വീണ്ടും അംഗീകാരം

## ഇന്ത്യയിലെ ഏറ്റവും മികച്ച ടാലന്റ് ഹബ്ബുകളിൽ ഒന്ന് കേരളം



ഇന്ത്യയിലെ ഏറ്റവും മികച്ച ടാലന്റ്പൂളുകളിലൊന്ന് കേരളമാണെന്ന് ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2026. എ.ഐ.സി.ടി.ഇക്കൊപ്പം കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻസ്ട്രിയോടും കൂടി സഹകരിച്ചുകൊണ്ട് എഡ്യുക്കേഷണൽ ടെസ്റ്റിങ് സർവീസ് പുറത്തിറക്കിയ ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2026ലാണ് കേരളവും ഒപ്പം കൊച്ചിയും വീണ്ടും രാജ്യത്തിന്റെയും ലോകത്തിന്റെയും ശ്രദ്ധയാകർഷിക്കുന്നത്. രാജ്യത്തെ ഏറ്റവും മികച്ച തൊഴിൽക്ഷമതയുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ ആദ്യത്തെ അഞ്ച് സംസ്ഥാനങ്ങളിലൊന്നായി കേരളവും നഗരങ്ങളുടെ പട്ടികയിൽ ആദ്യത്തെ നാല് നഗരങ്ങളിലൊന്നായി കൊച്ചിയും തെരഞ്ഞെടുക്കപ്പെട്ടു.

ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ള ചെറുപ്പക്കാരിൽ ഏറ്റവുമുയർന്ന നൈപുണ്യശേഷിയും നിരീക്ഷണപാടവവും പ്രശ്നപരിഹാരത്തിനുള്ള കഴിവുമെല്ലാം വിലയിരുത്തിക്കൊണ്ടാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. നഗരങ്ങളുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്തിനായി മികച്ച മത്സരമാണ് കൊച്ചി കാഴ്ചവെച്ചത്. കേവലം 2% വ്യത്യാസം മാത്രമാണ് ഒന്നാം സ്ഥാനത്തുള്ള ലഖ്നൗ, പൂനെ നഗരങ്ങളുമായി കൊച്ചിക്കുള്ളത്. രാജ്യത്തിന്റെ തൊഴിൽക്ഷമത 56 ശതമാനം മാത്രമാണെന്നിരിക്കെ കൊച്ചിയുടേത് 77 ശതമാനമാണ്. കേരളത്തിൽ ഇപ്പോൾ നടപ്പിലാക്കുന്ന സ്കിൽ ഡെവലപ്മെന്റ് പദ്ധതികളും വിദ്യാഭ്യാസ രംഗത്തെ പരിഷ്കാരങ്ങളും വ്യവസായ സൗഹൃദാന്തരീക്ഷവും ഇന്ത്യയിലെ ഏറ്റവും മികച്ച ടാലന്റ് പൂൾ എന്ന വിശേഷണവും കേരളത്തെ നിക്ഷേപകരുടെ ലക്ഷ്യകേന്ദ്രമായി മാറ്റും.




പരമ്പരാഗത ഈറ്റ മുള തൊഴിലാളി സംഗമം

ജനുവരി 01, 2026
ടൗൺ ഹാൾ, എറണാകുളം നോർത്ത്
ഉദ്ഘാടനം
ശ്രീ. പി. രാജീവ്
ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി



Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.